റബ്ബറിന്റെ വിലത്തകർച്ച

102 (T*3209) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. സുരേഷ് കറുപ്പ് :
ശ്രീ. സാജു പോൾ :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലത്തകർച്ചയിൽ നിന്നും റബ്ബർ കർഷകരെ രക്ഷിക്കാനായി ഈ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇതിനായി ഓരോ ഘട്ടത്തിലും നടത്തിയ പ്രഖ്യാപനങ്ങളും അവയിന്മേൽ സ്വീകരിച്ച നടപടികളും നേട്ടങ്ങളും വിശദമാക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും റബ്ബർ സംഭരണത്തിനായി പ്രഖ്യാപിച്ച തുകയും നീക്കിവെച്ച തുകയും എത്ര വീതമായിരുന്നു; സംഭരണ ലക്ഷ്യവും നേട്ടവും വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് റബ്ബറിന്റെ ഏറ്റവും കൂടിയ ഉല്പാദനം ഏത് വർഷത്തിലായിരുന്നു; അത് എത്രയായിരുന്നു; നിലവിൽ എത്ര?

ഉത്തരം

(എ & ബി) സ്വാഭാവിക റബ്ബറിന് വില താഴ്ന്നിന്ന സാഹചര്യത്തിൽ സ. ഉ. (എംഎസ്.) നമ്പർ 56/2014/കൃഷി തീയതി 25-2-2014 പ്രകാരമാണ് റബ്ബർ സംഭരണം ആരംഭിച്ചത്. ടി പദ്ധതിപ്രകാരം സംഭരണ ഏജൻസികളായ റബ്ബർമാർക്കും മാർക്കറ്റ്ഫെഡുമാണ് റബ്ബർ സംഭരിച്ചിട്ടുള്ളത്. ഇതിനായി 2013-14-ൽ നാല് കോടി രൂപയും 2014-15-ൽ പന്ത്രണ്ട് കോടി രൂപയും ഉൾപ്പെടെ ആകെ പതിനാറ് കോടി രൂപ പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി സർക്കാർ 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' നടപ്പിലാക്കി. ഈ പദ്ധതി

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly